(ഡി) അവസാനമായി ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 17-4-2015 നാണ്.

(ഇ) നിലവിൽ 27 യു.ഡി. ടൈപ്പിസ്റ്റിന്റെയും 16 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും ഒഴിവുണ്ട്.

(എഫ്) 2014 ലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

116 (3270) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ നടക്കുന്നതായ അഴിമതി സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൺസ്യൂമർഫെഡിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കൺസ്യൂമർഫെഡിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളിൻമേൽ നടന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് വകുപ്പ് രണ്ടുപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയ പരിശോധനകളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക

117 (3271) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വിശദമാക്കാമോ :

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും കൺസ്യൂമർഫെഡ് എത്ര രൂപയാണ് നിക്ഷേപമായി സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ള തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവൃത്തികൾക്കും, അറ്റകുറ്റ പണികൾക്കും വേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വിശദമാക്കാമോ;

(ഇ) സർക്കാരിൽ നിന്നും കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക എത്രയെന്ന് അറിയിക്കുമോ ;

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽ നിന്നും ലഭിച്ച സബ്സിഡി തുക എത്ര ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് ഫെഡറേഷന്റെ കണക്ക് പ്രകാരം 357.99 കോടി രൂപ നൽകാനുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്നും കൺസ്യൂമർഫെഡ് നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് 176.17 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് 239.41 കോടി രൂപയും കൺസ്യൂമർ ഫെഡറേഷൻ വായ്പയെടുത്തിട്ടുണ്ട്.

(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവർത്തികൾക്കും, അറ്റകുറ്റപണികൾക്കും വേണ്ടി 37,92,85,069 രൂപ കൺസ്യൂമർ ഫെഡറേഷൻ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സർക്കാർ സബ്സിഡിയോടെ സാധനങ്ങൾ റിട്ട വകയിൽ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപ ഒഴികെ 100.4572 കോടി രൂപ ഫെഡറേഷന്റെ കണക്ക് പ്രകാരം നൽകാനുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം സബ്സിഡിയോടെ വിൽപ്പന നടത്തിയതിൽ 294.955 കോടി രൂപ നൽകാനുണ്ട്.

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽനിന്നും 229.50 കോടി രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്.

ഖാദി തൊഴിലാളികളുടെ മിനിമം വേതനം

118 (3272) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly